"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാശിശുവികസന വകുപ്പ് - കേരള വനിതാ കമ്മീഷൻ - ചെയർപേഴ്സന്റെ ഔദ്യോഗിക വസതിയ്ക്ക് വാടക പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനിതാശിശുവികസന (ബി) വകുപ്പ്

സ.ഉ.(സാധാ) നം.255/2026/WCDD തീയതി,തിരുവനന്തപുരം, 31-07-2026

---

പരാമർശം:-
1. സ.ഉ. (പി) നം. 102/2017/ധന, തീയതി 07-08-2017.
2. സ.ഉ. (സാധാ) നം. 117/2023/WCDD, തീയതി 27-02-2023.
3. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ കത്ത് നം. D1/1538/2022/കേവക, തീയതി 16/03/2026.

**ഉത്തരവ്**

കേരള വനിതാ കമ്മീഷൻ ചെയർപേഴ്സന്റെ ക്യാമ്പ് ഓഫീസായി 20/06/2022 മുതൽ ഉപയോഗിച്ചുവരുന്ന ശ്രീമതി. അനുപമ ബലരാമന്റെ ഉടമസ്ഥതയിലുള്ള Flat No. (2C), TC 25/4179 (Old No. TC 11/2101/6), Heera Golden Hills, Kanaka Nagar, Kowdiar, Trivandrum എന്ന ഫ്ലാറ്റിന്റെ വാടക പരാമർശം (1) ഉത്തരവിലെ ഇനം നം. 9 -ലെ നിർദേശങ്ങൾക്കു വിധേയമായി പരാമർശം (2) പ്രകാരം 20/06/2022 തീയതി മുതൽ പ്രാബല്യത്തിൽ പ്രതിമാസം 30,000/- രൂപ നിരക്കിൽ നിശ്ചയിക്കുകയുണ്ടായി. 19/02/2026 വരെയുള്ള നിലവിലെ കരാർ കാലാവധി അവസാനിക്കുന്നത് മുതൽ കെട്ടിട വാടക 10 % വർദ്ധനവ് വരുത്തി പുതുക്കി നിശ്ചയിക്കണമെന്ന് ഫ്ലാറ്റുടമ അപേക്ഷ നൽകിയിട്ടുണ്ടെന്നും, 20/06/2022 മുതൽ നാളിതുവരെയുള്ള നാല് വർഷകാലയളവിൽ പ്രസ്തുത ഫ്ലാറ്റിന് വാടക വർദ്ധനവ് അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 2026 മാർച്ച് മാസം മുതൽ പ്രസ്തുത ഫ്ലാറ്റിന് 33,000/- (മുപ്പത്തിമൂവായിരം മാത്രം) രൂപ നിരക്കിൽ വാടക നൽകുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്തുകൊണ്ട് കമ്മീഷൻ മെമ്പർ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള വനിതാ കമ്മീഷൻ ചെയർപേഴ്സന്റെ ക്യാമ്പ് ഓഫീസ് (ഔദ്യോഗിക വസതി) -ആയ Flat No. (2C), TC 25/4179 (Old No. TC

11/2101/6), Heera Golden Hills, Kanaka Nagar, Kowdiar, Trivandrum എന്ന മേൽവിലാസത്തിലുള്ള ഫ്ലാറ്റിന് പരാമർശം (1) ലെ ഇനം 9-ലെ നിർദേശങ്ങൾക്കു വിധേയമായി, ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ പ്രതിമാസ വാടക **33,000/- (മുപ്പത്തിമൂവായിരം രൂപ മാത്രം) രൂപ** എന്ന നിരക്കിൽ പുതുക്കി നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ M S
അണ്ടർ സെക്രട്ടറി

ചെയർപേഴ്സൺ, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം.

മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഡി ബി സെൽ), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ.

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Digitally signed by
Sithara Vijayan
Date: 01-08-2026
11:14:40
സെക്ഷൻ ഓഫീസർ